# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7657 15.07.2014-ൽ മറുപടിക്ക്

## തുറമുഖ വകുപ്പ് എഞ്ചിനീയർമാരുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിൽ തുറമുഖ വകുപ്പിൻ കീഴിലെ എഞ്ചിനീയർമാരുടെ ഓഫീസ് മത്സ്യത്തൊഴിലാളികൾ ആക്രമിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കണ്ണൂർ സിറ്റി പോലിസ് സ്റ്റേഷൻ പരിധിയിലുള്ള തുറമുഖ വകുപ്പിൻ കീഴിലെ എഞ്ചിനീയർമാരുടെ ഓഫീസ് മത്സ്യത്തൊഴിലാളികൾ ആക്രമിച്ചത് സംബന്ധിച്ച് കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 484/14, 487/14, 488/14 പ്രകാരം 3 കേസുകൾ രജിസ്റ്റർ ചെയ്ത് 37 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആക്രമണം നടത്താൻ ആളുകളെ പ്രകോപിതരാക്കുംവിധം എന്ത് പ്രവൃത്തിയാണ് അവിടെ നടന്നിട്ടുള്ളത്; അതിന് പരിഹാരം കാണാൻ ശ്രമം നടത്തുമോ; | (ബി) | മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തെ മണ്ണ് നീക്കി ബോട്ടുകൾക്ക് കരയ്ക്ക് അടുക്കുന്നതിന് സൗകര്യം ഒരുക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് അനാസ്ഥ കാട്ടുന്നു എന്നാരോപിച്ച് 1500 ഓളം മത്സ്യത്തൊഴിലാളികൾ നടത്തിയ പ്രതിഷേധ സമരം അക്രമാസക്തമാകുകയാണുണ്ടായത്. തുറമുഖത്ത് മണ്ണടിയുന്നത് മൂലം ആഴം കുറയുന്നതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബർ ബേസിനിൽ പ്രവേശിക്കുന്നതിനുള്ള അസൗകര്യം നേരിടുന്നുണ്ട്. എകദേശം 486000 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയ്ക്ക് മുൻയോഗ്യതാ നിർണ്ണയത്തിന് ദർഘാസ് ക്ഷണിച്ചപ്പോൾ ഒരു ദർഘാസ് മാത്രം ലഭിച്ചതിനാൽ പുനർ ദർഘാസ് ക്ഷണിക്കുകയുണ്ടായി. ടി പുനർ ദർഘാസ് പ്രകാരം മുൻയോഗ്യതാ ദർഘാസ് ലഭിച്ചിട്ടുണ്ട്. മുൻ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള പ്രീക്വാളിഫിക്കേഷൻ കമ്മിറ്റി കൂടി ദർഘാസുകാരന്റെ യോഗ്യത നിർണ്ണയിച്ചതിനുശേഷം ദർഘാസ് തുറന്ന് പരിശോധിച്ച് ദർഘാസ് അംഗീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതും ആഴം കുറവ് പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതുമാണ്. |
| (സി) | ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ ശ്രദ്ധയോടെ ഇടപഴകാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (സി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ജീവനക്കാർ പൊതുജനങ്ങളോട് സൗഹാർദ്ദപരമായ പെരുമാറ്റ രീതിയാണ് അവലംബിക്കാറുള്ളത് |
| (ഡി) | സംഭവത്തിന്റെ പേരിൽ നിരപരാധികൾ പ്രത്യേകിച്ചും സ്ത്രീകളും, കുട്ടികളും അധികാരികളുടെ ഭീഷണിക്ക് വിധേയരായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ